(ഡി) ഉണ്ട്. സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ മേഖലയിലുള്ള സമഗ്ര വികസനത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 6-11-2004-ലെ ജി. ഒ. (എംഎസ്.) 23/2004/പി.ഡി. ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ

*10 [401] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*

,, *കെ. രാധാകൃഷ്ണൻ:*

,, *രാജു എബ്രഹാം:*

,, *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ ഗുണമേന്മ കുറഞ്ഞതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനലിറ്റിക്കൽ ലാബിൽ ഇതു സംബന്ധിച്ച് നടത്തിയ പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പാക്കി അവ സംഭരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):*

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരിശോധനാറിപ്പോർട്ടുപ്രകാരം ഭക്ഷ്യധാന്യങ്ങൾ പി. എഫ്. എ. റൂൾസിൽ നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉള്ളവയാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്ന എല്ലാ നടപടികളും കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

ബ്രഹ്മപുരം വൈദ്യുതിനിലയത്തിന്റെ ഉൽപ്പാദനക്ഷമത

*11 [402] *ശ്രീ. എം. വി. ജയരാജൻ:*

,, *മത്തായി ചാക്കോ:*

,, *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം താപവൈദ്യുതനിലയത്തിൽനിന്ന് ഇപ്പോൾ സ്ഥാപിത ശേഷിക്കനുസൃതമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാദ്ധ്യമാകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly